**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 54** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീമതി ഉഷ വിജയൻ

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീ. കെ. പ്രവീൺ കുമാർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ലഹരി മാഫിയയുടെ വേരറുക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ലഹരി മാഫിയയുടെ വേരറുക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് പോലീസ്, തദ്ദേശസ്വയംഭരണം, യുവജനകാര്യം, പൊതുവിദ്യഭ്യാസം, ഉന്നതവിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യനീതി, വനിതാ-ശിശുവികസനം തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ച് എക്സൈസ് വകുപ്പ് വിവിധ ബോധവത്കരണ-പ്രതിരോധ-പുനരധിവാസ പ്രവർത്തനങ്ങളും ലഹരി വസ്തുക്കളുടെ ഉൽപ്പാദനം, കടത്ത്, സംഭരണം, വിതരണം, വിൽപ്പന എന്നിവ തടയുന്നതിനായി പോലീസ്, എക്സൈസ് വകുപ്പുകൾ സംയുക്തമായും വെവ്വേറെയും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തിവരുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി എക്സൈസ് വകുപ്പ് മറ്റ് വകുപ്പുകളുമായി ചേർന്ന് 2021-ൽ 1237, 2022-ൽ 2790, 2023-ൽ 3529, 2024-ൽ 3951, 2025-ൽ 3972, 2026 ജൂൺ 16 വരെ 2409 സംയുക്ത പരിശോധനകൾ നടത്തിയിട്ടുണ്ട്.

**<u>ഓപ്പറേഷൻ തണ്ടർ</u>**

28.05.2026 മുതൽ "ഓപ്പറേഷൻ തണ്ടർ" എന്ന പേരിൽ എക്സൈസ് വകുപ്പ് തീവ്ര എൻ.ഡി.പി.എസ്. സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്. ഓപ്പറേഷൻ തണ്ടറിന്റെ ഭാഗമായി നടത്തിയ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഫലമായി ഇതുവരെ 828 NDPS കേസുകൾ കണ്ടെടുക്കുകയും 763 പ്രതികളിൽ 732 പേരെ അറസ്റ്റ് ചെയ്യുകയും 607025 രൂപ തൊണ്ടിയായി കണ്ടെടുക്കുകയും 29 വാഹനങ്ങൾ സർക്കാരിലേക്ക് കണ്ട് കെട്ടുകയും ചെയ്തിട്ടുണ്ട്. കൂടാതെ 7.94 ഗ്രാം ബ്രൗൺ ഷുഗർ, 14 കഞ്ചാവ് ബീഡി, 3 കഞ്ചാവ് സിഗററ്റ്, 133.790 കി ഗ്രാം കഞ്ചാവ്, 190 കഞ്ചാവ് ചെടികൾ, 27 ഗ്രാം ഹാഷിഷ്, 48.773 ഗ്രാം ഹാഷിഷ് ഓയിൽ, 164.76 ഗ്രാം ഹെറോയിൻ, 7 ഗ്രാം ഹൈബ്രിഡ് കഞ്ചാവ്, 461.135 ഗ്രാം MDMA, 60.766 ഗ്രാം മെത്താംഫിറ്റാമിൻ, 14.42 ഗ്രാം നൈട്രോസെഫാം, 315 ഗ്രാം THC Candy, 36 e-cigaratte എന്നിവ കണ്ടെടുത്തിട്ടുണ്ട്.

അതിഥി തൊഴിലാളികൾ തിങ്ങി പാർക്കുന്ന പെരുമ്പാവൂർ മേഖലകളിൽ ലഹരി ഉപയോഗവും, വിൽപ്പനയും വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി പ്രദേശങ്ങളിൽ

എക്സൈസ് വകുപ്പ് പോലീസുമായും തൊഴിൽ വകുപ്പുമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും സഹകരിച്ച് പ്രത്യേക പരിശോധനകളും സംയുക്ത റെയ്ഡുകളും രഹസ്യാന്വേഷണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. ടി സ്ഥലങ്ങളിൽ എക്സൈസ് വകുപ്പ് 6748 റെയ്ഡുകൾ നടത്തുകയും 505 NDPS കേസുകളിലായി 313.867 Kg കഞ്ചാവും, 1139.926 ഗ്രാം ഹെറോയിനും, 1.615 Kg ഹാഷിഷ് ഓയിലും, 20.339 ഗ്രാം MDMA-യും ഉൾപ്പടെയുള്ളവ കണ്ടെത്തി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഈ സർക്കാരിന്റെ 18.05.2026 മുതൽ 18.06.2026 വരെയുള്ള ഒരു മാസക്കാലയളവിൽ പ്രസ്തുത മേഖലകളിൽ നടത്തിയ 227 റെയ്ഡുകളിലായി 29 എൻ.ഡി.പി.എസ്. കേസുകളും, 23 അബ്കാരി കേസുകളും, കോട്പ (COTPA) നിയമപ്രകാരം 104 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. എൻ.ഡി.പി.എസ്. കേസുകളിൽ 24 പേരെയും അബ്കാരി കേസുകളിൽ 23 പേരെയും അറസ്റ്റ് ചെയ്ത് നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത കേസുകളിൽ നിന്നായി 54.392 ഗ്രാം ഹെറോയിൻ, 1.198 കിലോഗ്രാം കഞ്ചാവ്, 5 കഞ്ചാവ് ചെടികൾ, 35 കിലോഗ്രാം നിരോധിത പുകയില ഉൽപ്പന്നങ്ങൾ, 65.750 ലിറ്റർ ഇന്ത്യൻ നിർമ്മിത വിദേശമദ്യം, 6.500 ലിറ്റർ ബിയർ എന്നിവയും, തൊണ്ടിമുതലായി 72,600/- രൂപയും പിടിച്ചെടുത്തിട്ടുണ്ട്. കൂടാതെ, കോട്പ നിയമപ്രകാരമുള്ള കേസുകളിൽ 20,800/- രൂപ പിഴയായി ഈടാക്കിയിട്ടുമുണ്ട്.

അതിഥി തൊഴിലാളികൾ താമസിക്കുന്ന ലേബർ ക്യാമ്പുകൾ, വിദ്യാലയ-കോളേജ് പരിസരങ്ങൾ, ആളൊഴിഞ്ഞ കെട്ടിടങ്ങൾ, പൊതുസ്ഥലങ്ങൾ, ലഹരി ഇടപാടുകൾക്ക് സാധ്യതയുള്ള മറ്റ് കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് കർശനമായ പരിശോധനകളും സംയുക്ത റെയ്ഡുകളും രഹസ്യാന്വേഷണ പ്രവർത്തനങ്ങളും നടത്തി വരുന്നു.

**<u>മയങ്ങില്ല കേരളം</u>**

മയക്കുമരുന്ന് ഉപയോഗത്തിനും അനധികൃത കടത്തിനും എതിരായ അവബോധം സൃഷ്ടിക്കുന്നതിനും, പൊതുസമൂഹത്തെ ഒന്നാകെ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനമായ ജൂൺ 26-ന് "മയങ്ങില്ല കേരളം" എന്ന പേരിൽ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്ര മയക്കുമരുന്ന് വിരുദ്ധ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കയാണ്. സർക്കാർ വകുപ്പുകൾ, സാമൂഹ്യ-സന്നദ്ധ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, വാർഡ്തല ജനജാഗ്രതാ സമിതികൾ, സാമൂഹ്യപ്രവർത്തകർ, ജനപ്രതിനിധികൾ കുടുംബശ്രീ-ആശാപ്രവർത്തകർ, ക്ലബ്ബുകൾ എന്നിങ്ങനെ വിവിധ മേഖലകളിൽ നിന്നുള്ളവരുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുക. "ജനജാഗ്രതാ വോളന്റിയർമാർ" ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും എക്സൈസ് വകുപ്പിനെ സഹായിക്കും.

"മയങ്ങില്ല കേരളം" പദ്ധതിയുടെ ഭാഗമായി നിലവിലുള്ള വിമുക്തി പ്രവർത്തനങ്ങൾക്ക് പുറമെ കൂടുതൽ ശക്തമായ ലഹരിവിരുദ്ധ ക്യാമ്പയിനുകൾ സംഘടിപ്പിക്കും. ലഹരി ഉപയോഗം ആരംഭത്തിൽ തന്നെ കണ്ടെത്തി ആവശ്യമായ കൗൺസിലിംഗ് നൽകുന്നതിനൊപ്പം ചികിത്സ ആവശ്യമായവർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സജ്ജീകരണങ്ങളും ഏർപ്പെടുത്തും.

**<u>ജനജാഗ്രതാ വെബ് പോർട്ടലും മൊബൈൽ ആപ്ലിക്കേഷനും</u>**

എക്സൈസ് വകുപ്പിന്റെ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായ എല്ലാ സേവനങ്ങളും വിവരങ്ങളും പൊതുജനങ്ങൾക്കു കൂടി ലഭ്യമാകുന്നതിന് ഒരു ജനജാഗ്രതാ വെബ് പോർട്ടലും ഒരു മൊബൈൽ ആപ്ലിക്കേഷനും ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. ബോധവൽക്കരണം, കൗൺസിലിംഗ്, ഡീ-അഡിക്ഷൻ ചികിത്സ തുടങ്ങിയവയുമായി ബന്ധപ്പെട്ട

സേവനങ്ങൾ പൊതുജനങ്ങൾക്കു ലഭിക്കുന്നതിനും, പൊതുജനങ്ങളുടെ നിർദ്ദേശങ്ങൾ പരാതികൾ, ആവശ്യങ്ങൾ, അഭിപ്രായങ്ങൾ എന്നിവ സർക്കാരിലേക്ക് നൽകുന്നതിനും ഇത് വഴി സാധിക്കും.

**<u>പുനരധിവാസ കേന്ദ്രങ്ങൾ</u>**

ഡി-അഡിക്ഷൻ ചികിത്സയ്ക്ക് ശേഷമുള്ള പിൻതുണാ സംവിധാനങ്ങൾക്ക് എക്സൈസ് വകുപ്പിന്റെ കീഴിൽ നിലവിൽ പുനരധിവാസ കേന്ദ്രങ്ങൾ ഇല്ല. മാതൃകാ പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള മുന്നൊരുക്കങ്ങളും "മയങ്ങില്ല കേരളം" പദ്ധതിയുടെ ഭാഗമാണ്.

**<u>കെമിക്കൽ ലാബ്</u>**

കേസുകളിൽ പിടിച്ചെടുക്കുന്ന ലഹരി വസ്തുക്കളുടെ രാസപരിശോധനാ ഫലം ലഭിക്കാൻ വൈകുന്നത് പലപ്പോഴും കേസുകളെ പ്രതികൂലമായി ബാധിക്കുന്നതിനാൽ എക്സൈസ് വകുപ്പിന് സ്വന്തമായി ഒരു കെമിക്കൽ ലാബ് ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

**<u>ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ</u>**

ലഹരി വസ്തുക്കളുമായി പിടിക്കുടുന്നവരുടെ കൈവശമുള്ളത് ലഹരി വസ്തുക്കളാണ് എന്ന് പ്രാഥമികമായി ഉറപ്പാക്കുന്നതിനു ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകളുടെ അഭാവം പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. സിന്തറ്റിക് മയക്കുമരുന്നുകൾ മറ്റു മാർഗത്തിൽ പരിശോധിക്കാൻ സാധിക്കാത്തതിനാൽ ഫീൽഡുകളിൽ ഉപയോഗിക്കുന്നതിനു ആവശ്യമായ ഗുണനിലവാരമുള്ള ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന് കീഴിൽ മാതൃകാ റേഞ്ച് ഓഫീസ് രൂപീകരിക്കുന്ന വിഷയം സർക്കാർ ഗൗരവമായി പരിശോധിച്ചു വരികയാണ്.

**<u>സ്റ്റേറ്റ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ</u>**

എക്സൈസ് വകുപ്പിന് കീഴിൽ State Narcotics Control Bureau രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ഉടൻ തന്നെ ആരംഭിക്കും

വിദ്യാലയങ്ങളും കോളേജുകളും കേന്ദ്രീകരിച്ചുള്ള ലഹരി വ്യാപനം തടയുന്നതിനായി അധ്യാപകർ, രക്ഷിതാക്കൾ, പി.ടി.എ., വിദ്യാർത്ഥി സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സന്നദ്ധ സംഘടനകളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ലഹരി വിരുദ്ധ ക്യാമ്പയിനുകൾ, ജനകീയ ജാഗ്രതാ പരിപാടികൾ, ലഹരി ഉപയോഗം സംബന്ധിച്ച വിവരങ്ങൾ കൈമാറുന്നതിനുള്ള സംവിധാനങ്ങൾ എന്നിവയും ശക്തിപ്പെടുത്തിയിട്ടുണ്ട്. ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് സർക്കാർ വകുപ്പുകൾ, നിയമപാലന ഏജൻസികൾ, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവരുടെ ഏകോപിതവും തുടർച്ചയായതുമായ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ലഹരിക്കടിമപ്പെട്ടവർക്ക് കൗൺസിലിംഗ്, ഡീ അഡിക്ഷൻ ചികിത്സ, പുനരധിവാസ സേവനങ്ങൾ, ബോധവൽക്കരണം എന്നിവ നൽകാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ആരോഗ്യവകുപ്പുമായി സഹകരിച്ച് ലഹരിക്കടിമപ്പെട്ടവർക്ക് ലഹരി മോചന ചികിത്സ നൽകുന്നതിന് 14 ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. 2026 മെയ് വരെ ഡീ-അഡിക്ഷൻ സെന്ററിൽ ചികിത്സ തേടിയവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ജില്ല | ഔട്ട് പേഷ്യന്റ് | ഇൻ പേഷ്യന്റ് | 18 വയസ്സിന്സ്സിന് താഴെ |
|---|---|---|---|

| | | | |
|---|---|---|---|
| തിരുവനന്തപുരം | 11319 | 1356 | 0 |
| കൊല്ലം | 9770 | 626 | 1 |
| പത്തനംത്തിട്ട | 9119 | 1753 | 2 |
| ആലപ്പുഴ | 7669 | 526 | 3 |
| കോട്ടയം | 18108 | 1172 | 45 |
| ഇടുക്കി | 7365 | 1316 | 2 |
| എറണാകുളം | 15013 | 560 | 12 |
| തൃശ്ശൂർ | 18698 | 1162 | 87 |
| പാലക്കാട് | 6329 | 1620 | 0 |
| മലപ്പുറം | 15338 | 1423 | 1 |
| കോഴിക്കോട് | 20058 | 741 | 11 |
| വയനാട് | 6348 | 276 | 3 |
| കണ്ണൂർ | 17835 | 324 | 4 |
| കാസർഗോഡ് | 7367 | 697 | 2 |
| **ആകെ** | **170336** | **13552** | **173** |

സർക്കാരിന്റെ പ്രത്യേക കർമ്മ പദ്ധതിയുടെ ഭാഗമായി എക്സൈസ് വകുപ്പ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ബോധവത്കരണ പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷ്യമമാക്കുന്നതിനും, വലിയ അളവിൽ മയക്കുമരുന്ന് പിടികൂടുന്ന കേസുകളിൽ ശാസ്ത്രീയവും സമയബന്ധിതവുമായ അന്വേഷണം നടത്തി യഥാർത്ഥ പ്രതികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും അവർക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാന നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, മയക്കുമരുന്ന് കടത്ത് തടയുന്നതിനായി പ്രധാന ചെക്ക് പോസ്റ്റുകളിൽ AI സാങ്കേതികവിദ്യയുള്ള സി.സി.ടി.വി. ക്യാമറകൾ, എക്സ്-റേ, ഗാമാ-റേ സ്കാനറുകൾ എന്നിവ സ്ഥാപിക്കുന്നതിനും പുതുതലമുറ ലഹരി വസ്തുക്കൾ ഉൾപ്പെടെ എല്ലാത്തരം ലഹരി വസ്തുക്കളും തിരിച്ചറിയാൻ കഴിയുന്ന ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ എല്ലാ എക്സൈസ് ഓഫീസുകളിലും ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

ലഹരി ഉപയോഗത്തിൽ നിന്ന് മുക്തി നേടിയവരെ സമൂഹത്തിന്റെ സ്വീകാര്യതയോടെ സാധാരണ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിനും അവരോടുള്ള സാമൂഹിക അവഗണനയും വിവേചനവും ഇല്ലാതാക്കുന്നതിനുമുള്ള പ്രത്യേക നടപടികൾ നിലവിലെ സർക്കാർ ആവിഷ്കരിച്ചു വരികയാണ്. ഇതിനായി ചികിത്സയും പുനരധിവാസവും തമ്മിൽ ഫലപ്രദമായ ഏകോപനം ഉറപ്പുവരുത്തുന്നതിനൊപ്പം, വിവിധ വകുപ്പുകളുടെ സഹകരണത്തോടെ കൗൺസിലിംഗ്, മാനസികാരോഗ്യ പിന്തുണ, തൊഴിൽ പരിശീലനം, ഉപജീവന മാർഗങ്ങൾ കണ്ടെത്തുന്നതിനുള്ള സഹായം, കുടുംബ ശാക്തീകരണം, തുടർപരിചരണ സംവിധാനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന സമഗ്രമായ പുനരധിവാസ മാതൃക രൂപപ്പെടുത്തുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**(ബി)** സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന ലഹരി വിൽപ്പന തടയുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പ്രത്യേക പദ്ധതികൾ നടപ്പാക്കുമോ; വ്യക്തമാക്കുമോ;

**മറുപടി:** സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന ലഹരി വിൽപ്പനയും ഉപയോഗവും തടയുന്നതിനും വിദ്യാർത്ഥികളിൽ ലഹരിവിരുദ്ധ അവബോധം വളർത്തുന്നതിനുമായി എക്സൈസ് വകുപ്പ് വിദ്യാഭ്യാസ വകുപ്പിന്റെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും സഹകരണത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നതോടൊപ്പം കൂടുതൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരികയാണ്.

സ്കൂൾ പരിസരങ്ങളിലെ കടകളിൽ സ്ഥിരമായി പരിശോധന നടത്തി വിദ്യാർത്ഥികൾക്ക് പുകയില ഉൽപ്പന്നങ്ങളോ മയക്കുമരുന്നോ മറ്റ് ലഹരിവസ്തുക്കളോ വിൽപ്പന നടത്തുന്നതിനായി സൂക്ഷിച്ചുവച്ചിട്ടില്ലെന്ന് ഉറപ്പുവരുത്തുകയും, നിയമലംഘനം കണ്ടെത്തുന്ന സാഹചര്യത്തിൽ നിയമനടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് ശുപാർശ നൽകുകയും ചെയ്യുന്നു.

അധ്യയന വർഷം ആരംഭിക്കുന്നതിന് രണ്ടാഴ്ച മുമ്പ് തന്നെ സ്കൂളുകളും പരിസര പ്രദേശങ്ങളും കേന്ദ്രീകരിച്ചുള്ള പ്രത്യേക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സ്കൂൾ പരിസരങ്ങളിൽ സ്ഥിരമായി വന്നുപോകുകയോ കറങ്ങി നടക്കുകയോ ചെയ്യുന്ന സംശയാസ്പദരായ യുവാക്കളെ പ്രത്യേകം നിരീക്ഷിക്കുകയും, അവരുടെ വ്യക്തിവിവരങ്ങൾ ശേഖരിക്കുകയും, വിദ്യാർത്ഥികളുമായി ബന്ധപ്പെടാൻ ശ്രമിക്കുന്നുണ്ടോയെന്നും നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടോയെന്നും പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യാലയങ്ങളിൽ ബോധവൽക്കരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ബോധവൽക്കരണ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന നാല് ലക്ഷം ലഘുലേഖകൾ അച്ചടിച്ച് സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, വിദ്യാലയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതിനായി 272 എക്സൈസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് സ്കൂളുകളിൽ 5862 ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടുതൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ കോളേജുകളിൽ "ശ്രദ്ധ", "നേർക്കൂട്ടം" കമ്മിറ്റികൾ രൂപീകരിച്ച് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ (SOP) അനുസരിച്ചുള്ള നടപടികൾ വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയ സ്കൂൾ കലണ്ടറിൽ ഓരോ മാസവും നടപ്പിലാക്കേണ്ട ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതും അതനുസരിച്ച് വിവിധ പരിപാടികൾ സംഘടിപ്പിച്ചുവരുന്നതുമാണ്. സ്കൂളുകളിലെ പ്രധാനാധ്യാപകരുമായി നേരിട്ട് ബന്ധം സ്ഥാപിച്ച് വിദ്യാർത്ഥികൾ പുകയില ഉൽപ്പന്നങ്ങളോ മദ്യമോ മയക്കുമരുന്നോ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെടുകയോ അത്തരം വിവരങ്ങൾ ലഭിക്കുകയോ ചെയ്യുന്ന പക്ഷം എക്സൈസ് വകുപ്പിനെ ഉടൻ അറിയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ രക്ഷിതാക്കളുടെയും ബന്ധപ്പെട്ട വകുപ്പുകളുടെയും സഹകരണത്തോടെ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ലഹരിക്കെതിരെ കുട്ടികളിൽ കായിക ലഹരി വളർത്തിയെടുക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് "ഉണർവ്" പദ്ധതിയും "വിമുക്തി സ്പോർട്സ് ടീം" പദ്ധതിയും നടപ്പിലാക്കിവരുന്നു. ചെറുപ്രായം മുതൽ നല്ല ശീലങ്ങളും മൂല്യബോധവും വളർത്തിയെടുക്കുന്നതിനായി

"ബാല്യം അമൂല്യം" പദ്ധതി നടപ്പിലാക്കുന്നുണ്ട്. കുട്ടികളിൽ ലഹരി ഉപയോഗത്തിന്റെ പ്രാരംഭ ലക്ഷണങ്ങൾ അധ്യാപകരുടെ സഹായത്തോടെ തിരിച്ചറിഞ്ഞ് സമയബന്ധിതമായി ഇടപെടുന്നതിനായി "നേർവഴി" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഫലപ്രദമായി സംഘടിപ്പിക്കുന്നതിനാവശ്യമായ അധ്യാപക പരിശീലന പരിപാടികളും പരിശീലന മോഡ്യൂളുകളുടെ രൂപീകരണവും വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു.

2026 ജനുവരി മുതൽ 2026 ജൂൺ 18 വരെ സ്കൂൾ പരിസരങ്ങളുൾപ്പെടെ സംസ്ഥാനത്തൊട്ടാകെ നടത്തിയ 45562 പരിശോധകളിൽ 45562 കേസുകളിൽ നിന്നായി 15414.43 കി.ഗ്രാം പുകയില ഉല്പന്നങ്ങൾ കണ്ടെടുക്കുകയും ടി കേസുകളിൽ ചുമത്തിയ പിഴയിനത്തിൽ 91,01,975/- രൂപ ഈടാക്കിയിട്ടുള്ളതാണ്. ഈ കാലയളവിൽ 5953 NDPS കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ജൂൺ 26 അന്താരാഷ്ട്ര മയക്കമരുന്ന് വിരുദ്ധ ദിനത്തോട് അനുബന്ധിച്ച് കേരള സ്റ്റേറ്റ് എക്സൈസ് വകുപ്പ് ഒരു സമ്പൂർണ്ണ മയക്കമരുന്ന് വിരുദ്ധ പദ്ധതിയ്ക്ക് തുടക്കം കുറിക്കുന്നു. ഇതിനോടനുബന്ധിച്ച് അന്നേ ദിവസം രാവിലെ തിരുവനന്തപുരം കവടിയാറിൽ നിന്നും ആരംഭിച്ച് കിഴക്കേകോട്ടയിൽ സമാപിക്കുന്ന രീതിയിൽ Run Against Drugs സംഘടിപ്പിക്കുന്നതിനും കൂടാതെ എല്ലാ ജില്ലകളിലും മന്ത്രിമാരേയോ/ജനപ്രതിനിധികളെയോ പങ്കെടുപ്പിച്ച് സമുചിതമായ രീതിയിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ലഹരി ഉപയോഗത്തിൽ നിന്നും യുവാക്കളെയും കുട്ടികളെയും പിൻതിരിപ്പിക്കുന്നതിനായി നവീനമായ ഡീ-അഡിക്ഷൻ ചികിത്സ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. നിലവിൽ 14 ജില്ലകളിലും പ്രവർത്തിച്ചുവരുന്ന ഡീ-അഡിക്ഷൻ ചികിത്സാ കേന്ദ്രങ്ങൾക്ക് പുറമെ സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും നിലവിൽ പ്രവർത്തിച്ചു വരുന്ന ഗവൺമെന്റ് ആശുപത്രികളിൽ ഡീ-അഡിക്ഷൻ ചികിത്സാ ആരംഭിക്കുന്നതിന് ഗവൺമെന്റ് ഗൗരവമായി ആലോചിച്ചു വരികയാണ്. ലഹരിയുമായി ബന്ധപ്പെട്ട പരാതികളും നിർദ്ദേശങ്ങളും എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിനായി ജൂൺ 26-ന് പൊതുജനങ്ങൾക്ക് വേണ്ടി ഒരു വെബ്ബ് പോർട്ടലും മൊബൈൽ ആപ്പും ഉദ്ഘാടനം ചെയ്യുന്നുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കുക, വൈവിദ്ധ്യമാർന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ, നവീനമായ ഡീ-അഡിക്ഷൻ ചികിത്സാ കേന്ദ്രങ്ങൾ എന്നിവ സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ "മയങ്ങില്ല കേരളം" എന്ന പുതിയ പദ്ധതിയ്ക്ക് 2026 ജൂൺ 26-ന് തുടക്കം കുറിയ്ക്കുന്നതാണ്

**(സി)** സംസ്ഥാന അതിർത്തികളിലൂടെയുള്ള ലഹരിമരുന്ന് കടത്ത് തടയുന്നതിനായി അതിർത്തി ചെക്ക്പോസ്റ്റുകളിൽ ആധുനിക സ്കാനിംഗ് സംവിധാനങ്ങളും എക്സ്റേ മൊബൈൽ വാനുകളും ഏർപ്പെടുത്താൻ നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ?

**മറുപടി:** സംസ്ഥാന അതിർത്തികളിലൂടെ ലഹരിവസ്തുക്കൾ കടത്തിക്കൊണ്ടുവരുന്നത് ഫലപ്രദമായി തടയുന്നതിനായി നിലവിലുള്ള എക്സൈസ് ചെക്ക് പോസ്റ്റുകളിൽ അത്യാധുനിക FTTH (Fiber to the Home) കണക്റ്റിവിറ്റിയോടുകൂടിയ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, ചെക്ക് പോസ്റ്റുകളിലൂടെ കടന്നുപോകുന്ന വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകൾ കണ്ടെത്തുവാൻ സഹായിക്കുന്ന ANPR (Automatic Number Plate Recognition) സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ഇതോടൊപ്പം സംസ്ഥാന അതിർത്തികളിലെ നിരീക്ഷണവും പരിശോധനയും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ ആധുനികവൽക്കരണം ഘട്ടംഘട്ടമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പ്രധാന ചെക്ക് പോസ്റ്റുകളിൽ AI സാങ്കേതിക വിദ്യയുള്ള CCTVക്യാമറകൾ, ഗാമാറേ, എക്സ്-റേ സ്കാനറുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**